# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5445</u>      <u>06.07.2012 ൽ മറുപടിക്ക്</u>

## **ഇൻഷ്വറൻസ് തുക ഹോസ്പിറ്റലുകൾക്ക് ലഭ്യമാക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബി. സത്യൻ | | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | രാഷ്ട്രീയ സ്വാസ്ഥ്യ ബീമായോജന (ആർ.എസ്.ബി.വൈ) പദ്ധതി പ്രകാരം ആറ്റിങ്ങൽ വലിയകുന്ന് താലൂക്ക് ആശുപത്രിയിലും കേശവപുരം സി.എച്ച്.സി.യിലും എത്ര രൂപ വീതം ഇൻഷ്വറൻസ് കമ്പനികൾ കുടിശ്ശിക വരുത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ; | (എ) | രാഷ്ട്രീയ സ്വാസ്ഥ്യ ബീമായോജന (ആർ.എസ്.ബി.വൈ) പദ്ധതി പ്രകാരം ആറ്റിങ്ങൽ വലിയകുന്ന് താലൂക്ക് ആശുപത്രിയിൽ 2010 ജനവരി മുതൽ 2012 മെയ് വരെ 22,88,010/- രൂപ (ഇരുപത്തി രണ്ട് ലക്ഷത്തി എൺപത്തിയെണ്ണായിരത്തി പത്ത് രൂപ)യും കേശവപുരം സി.എച്ച്.സി.യിൽ 2010-11 മുതൽ 2012 മെയ് വരെ 30,64,250/- രൂപയും (മുപ്പത് ലക്ഷത്തി അറുപത്തിനാലായിരത്തി ഇരുന്നൂറ്റി അമ്പത് രൂപ) ഇൻഷ്വറൻസ് കമ്പനികൾ കുടിശ്ശിക വരുത്തിയിട്ടുണ്ട്; |
| (ബി) | ഇൻഷ്വറൻസ് തുക ഹോസ്പിറ്റലുകൾക്ക് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | ആർ.എസ്.ബി.വൈ മാർഗ്ഗരേഖ പ്രകാരം കുടിശ്ശിക ഉണ്ടെങ്കിൽ അതാത് ആശുപത്രികൾ റ്റി.പി.എ (തേർഡ് പാർട്ടി അഡ്മിനിസ്ട്രേറ്റർ) വഴി ഇൻഷുറൻസ് അധികാരികളെ വിവരമറിയിക്കേണ്ടതും ക്ലെയിം റിജക്ഷന് അപ്പീൽ നൽകേണ്ടതുമാണ്. ഇതനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | ഇൻഷ്വറൻസ് തുക ലഭ്യമാകാത്തത് ഹോസ്പിറ്റലിന്റെ വികസന പ്രവർത്തനങ്ങളെ ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

B.V. Menon

സെക്ഷൻ ഓഫീസർ